# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ
ചോദ്യം നം.535

19.05.2017-ൽ മറുപടിയ്ക്ക്

## സിനിമാതിയേറ്ററുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ.കെ.ജെ.മാക്സി
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീമതി.യു.പ്രതിഭാ ഹരി

(എ) സിനിമാവ്യവസായത്തെയും സിനിമാതിയേറ്ററുകളുടെ പ്രവർത്തനത്തെയും സംബന്ധിച്ച് ഈ സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

(എ) ഉണ്ട്. സിനിമാവ്യവസായത്തെയും സിനിമാതീയേറ്ററുകളുടെ പ്രവർത്തനത്തെയും സിനിമാ വ്യവസായത്തിന്റെ വളർച്ചയ്ക്ക് ഉതകും വിധം നയിക്കുകയെന്നത് ഈ സർക്കാരിന്റെ നയത്തിന്റെ ഭാഗമാണ്. ഇതിന്റെ ഭാഗമായി സർക്കാർ താഴെ പറയുന്ന പദ്ധതി/പ്രവർത്തനങ്ങൾ നടത്തി വരുന്നു.

1. കിഫ്ബി ഫണ്ടുപയോഗിച്ച് തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോയെ അന്താരാഷ്ട്ര നിലവാരമുള്ള ഫിലിം സിറ്റിയാക്കി വികസിപ്പിക്കുക.
2. കിഫ്ബി ഫണ്ടുപയോഗിച്ച് അന്താരാഷ്ട്ര ചലച്ചിത്ര മേള സംഘടിപ്പിക്കുന്നതിനായി തിരുവല്ലത്ത് മൾട്ടി പർപ്പസ് ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് സ്ഥാപിക്കുക.
3. കിഫ്ബി ഫണ്ടുപയോഗിച്ച് 100 തീയേറ്റർ കോംപ്ലക്സുകൾ ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി സ്ഥാപിക്കുക.
4. ടിക്കറ്റ് നിരക്കുകൾ സംബന്ധിച്ച പരാതികൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനായി e-ticketing സംവിധാനം നടപ്പിൽ വരുത്തുക.
5. സിനിമാമേഖലയിലെ വിവിധ പ്രശ്നങ്ങൾ പഠിച്ച് ആയതിന് പരിഹാരം കാണുന്നതിലേയ്ക്കായി സിനിമാ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുക.
6. ഉൾനാടൻ ഗ്രാമകേന്ദ്രങ്ങളിൽ നല്ല സാംസ്കാരിക മൂല്യമുള്ളതും ലോകോത്തര ക്ലാസിക്കുകളും ആയ ചലച്ചിത്രങ്ങൾ അവിടെയുള്ള ചലച്ചിത്ര സൊസൈറ്റികളുടെയും ക്ലബ്ബുകളുടെയും ആവശ്യപ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | |
|---|---|---|
| (ബി) | പഴയ തീയേറ്ററുകൾ ആധുനികവൽക്കരിച്ചതിന്റെ പേരിൽ തിയേറ്റർ ഉടമകൾ തന്നിഷ്ടപ്രകാരം ടിക്കറ്റ് നിരക്ക് വൻതോതിൽ വർദ്ധിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനായി സത്വര നടപടികൾ സ്വീകരിക്കുമോ; | (ബി) പഴയ തീയേറ്ററുകൾ ആധുനികവൽക്കരിച്ചതിന്റെ പേരിൽ തീയേറ്റർ ഉടമകൾ തന്നിഷ്ടപ്രകാരം ടിക്കറ്റ് നിരക്ക് വൻതോതിൽ വർദ്ധിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിനിമാ തീയേറ്ററുകളിൽ ടിക്കറ്റ് നിരക്ക് നിശ്ചയിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം പരിമിതമാണ്. വർദ്ധിച്ച വരുന്ന ദൈനംദിന ചെലവുകളും തീയേറ്ററുകളുടെ ആധുനികവൽക്കരണത്തിനായി വൻതുകകൾ ചെലവാക്കിയതു കാരണവും ടിക്കറ്റുകളുടെ നിരക്ക് വർദ്ധിപ്പിക്കുന്നതിന് തീയേറ്റർ ഉടമകൾ തന്നെ സ്വമേധയാ നടപടികൾ സ്വീകരിക്കുന്നതാണ് നിലവിലുള്ള രീതി. വർദ്ധിപ്പിച്ച ടിക്കറ്റ് നിരക്ക് ഒരു നിശ്ചിത തീയതിയിൽ പ്രാബല്യത്തിൽ വരുത്തുമെന്നും ആയതനുസരിച്ചുള്ള വിനോദ നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ നഗരസഭാതലത്തിൽ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുമാണ് തീയേറ്റർ ഉടമകൾ അപേക്ഷ നൽകുന്നത്. നിലവിൽ ടിക്കറ്റ് നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം തീയേറ്റർ ഉടമകളിൽ തന്നെ നിക്ഷിപ്തമാണെന്ന് 1992-ൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. തദ്ദേശ ഭരണ വകുപ്പിലെ 43656/ഡി3/92/എൽ.എ.ഡി നമ്പറായുള്ള 03/09/1992-ലെ കത്തിൽ സർക്കാരിനോ, നഗരസഭകൾക്കോ, ടിക്കറ്റ് നിരക്ക് നിശ്ചയിക്കുന്നതിന് അധികാരമില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | തിയേറ്ററിനോടനുബന്ധിച്ചുള്ള ലഘു ഭക്ഷണ ശാലകളിൽ അമിതമായ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) ഉണ്ട്. ഇത്തരം പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ലീഗൽ മെട്രോളജി വകുപ്പ് അധികൃതർ പരിശോധന നടത്തി, കുറ്റക്കാർക്കെതിരെ പിഴ ഈടാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ